# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 14**

---

*കരിയർ ഗൈഡൻസ് പരിപാടിക്ക് തുടക്കമായി*

## ഉന്നത വിദ്യാഭ്യാസം; കുട്ടികൾക്ക് വഴികാട്ടാൻ യു3എ

സ്വന്തം നാട്ടിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെക്കുറിച്ച് കുട്ടികൾക്ക് അറിവു പകരുന്ന പ്രവർത്തനങ്ങൾക്ക് മുതിർന്ന പൗരൻമാരുടെ കൂട്ടായ്മയായ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജ് (യു3എ) തുടക്കം കുറിച്ചു. മഹാത്മാ ഗാന്ധി സർവകലാശാല യു3എയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ യൂണിറ്റ് സംഘടിപ്പിച്ച അഞ്ചു ദിവസത്തെ കരിയർ ഗൈഡൻസ് പരിപാടി സർവകലാശാലയിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

കോട്ടയത്തെ വിവിധ സ്കൂളുകളിൽ എട്ടു മുതൽ പ്ലസ് ടൂ വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 60 വിദ്യാർഥികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. നാട്ടിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് കൃത്യമായ ധാരണയില്ലാത്തതുകൊണ്ടു കൂടിയാണ് പലപ്പോഴും വിദ്യാർഥികൾ മറ്റിടങ്ങളിൽ പഠനത്തിനു പോകുന്നതെന്നും ഈ ന്യൂനത പരിഹരിക്കാനുള്ള പരിശ്രമമാണ് സംഘടന നടത്തുന്നതെന്നും യു3എ ഭാരവാഹികൾ പറഞ്ഞു.

പരിാടിയിൽ വിദ്യാർഥികളുടെ പ്രതിനിധികൾ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവച്ചു.

സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു.

യു3എ പ്രതിനിധികളായ ജെയിംസ് ജോസഫ്, ജി. ശോഭന, ഡോ. സാബു യോഹന്നാൻ, മാത്യു മാനവികം, പി. പ്രകാശൻ, ലീന ലൂക്കോസ്, പ്രഫ. ജിജി ഏബ്രഹാം, അഡ്വ. സുനിൽകുമാർ, ഡോ. ശ്രീകുമാര മേനോൻ, സി.കെ ലക്ഷ്മണൻ എന്നിവർ സംസാരിച്ചു.

സർവകലാശാലയിലെ പഠന വകുപ്പുകളിൽ വിദ്യാർഥികൾ സന്ദർശനം നടത്തി.

ഇന്നു(മെയ് 15) മുതൽ കോട്ടയം ഹോളി ഫാമിലി സ്കൂളിൽ തുടരുന്ന ക്യാമ്പിൻറെ ഭാഗമായി ഗവൺമെൻറ് മെഡിക്കൽ കോളജ്, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ്, മാസ്കോം തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സന്ദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.

**ഫോട്ടോ ക്യാപ്ഷൻ..**
യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിൻറെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച കരിയർ ഗൈഡൻസ് പരിപാടി എം.ജി. സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

**(പി.ആർ.ഒ/39/359/2024)**

## എം.ജി, കണ്ണൂർ സർവകലാശാലകളുടെ ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാം; മെയ് 30വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയും കണ്ണൂർ സർവകലാശാലയും സംയുക്തമായി നടത്തുന്ന എം എസ്സി പ്രോഗ്രാമുകൾക്ക് മെയ് 30 വരെ അപേക്ഷിക്കാം. എം.എസ്സി ഫിസിക്സ്(നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി), എം.എസ്സി കെമിസ്ട്രി(നാനോ സയൻസ് ആന്റ് നാനോടെക്നോളജി) എന്നീ പ്രോഗ്രാമുകളിലാണ് പ്രവേശനം.

എം.ജി. സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും കണ്ണൂർ സർവകലാശാലയിലെ ഫിസിക്സ്, കെമിസ്ട്രി വകുപ്പുകളും ചേർന്നാണ് കോഴ്സുകൾ ഏകോപിപ്പിക്കുന്നത്. വിദ്യാർഥികൾക്ക് രണ്ടു സർവകലാശാലകളിലെയും സൗകര്യങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്താനാകും. തൊഴിലിനും ഗവേഷണത്തിനും സാധ്യതയുള്ള കോഴ്സുകൾ പഠിക്കുന്ന ഘട്ടത്തിൽ വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് അവസരമുണ്ടാകും.

രണ്ടു കോഴ്സുകളും എം.ജി, കണ്ണൂർ സർവകലാശാലകളുടെ റെഗുലർ എം.എസ്സി കോഴ്സുകൾക്ക് തുല്യമായിരിക്കും. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് അവർ തിരഞ്ഞെടുക്കുന്ന പേരന്റ് യൂണിവേഴ്സിറ്റിയിൽനിന്നാണ് സർട്ടിഫിക്കറ്റ് ലഭിക്കുക.

ഫിസിക്സിലോ കെമിസ്ട്രിയിലോ 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബി എസ്സി അല്ലെങ്കിൽ ബി എസ്സി ഓണേഴ്സ് ബിരുദമാണ് യോഗ്യത. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിലും(www.mgu.ac.in) നാനോസയൻസ് ആന്റ് നാനോ ടെക്നോളജി വകുപ്പിന്റെ വെബ്സൈറ്റിലും (https://nnsst.mgu.ac.in/) ലഭിക്കും. വകുപ്പിന്റെ വെബ്സൈറ്റിലുള്ള വിജ്ഞാപനത്തിലെ ഗുഗിൾ ഫോറം മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

പൊതു വിഭാഗത്തിൽ പെടുന്ന വിദ്യാർഥികൾക്ക് 500 രൂപയും പട്ടിക ജാതി, പട്ടികവർഗ വിഭാഗക്കാർക്ക് 250 രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് https://epay.mgu.ac.in/ എന്ന ലിങ്കിൽ ഫീസ് അടയ്ക്കണം. അവസാന സെമസ്റ്റർ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. പ്രവേശനത്തിനായി നിശ്ചയിച്ചിട്ടുള്ള തീയതിക്കുള്ളിൽ ഈ വിഭാഗത്തിൽപെടുന്നവർ യോഗ്യത നേടിയിരിക്കണം.

കൂടുതൽ വിവരങ്ങൾ 9562789712, 9495392750(ഫിസിക്സ്), 8281915276, 9447709276(കെമിസ്ട്രി) എന്നീ നമ്പരുകളിൽ ലഭിക്കും.

**(പി.ആർ.ഒ/39/360/2024)**

## യു.ജിസി-നെറ്റ്/ജെആർഎഫ്; തീവ്രപരിശീലന പരിപാടി

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മാനവിക വിഷയങ്ങൾക്കുള്ള യുജിസി-നെറ്റ്/ജെആർഎഫ് പരീക്ഷയുടെ ജനറൽ പേപ്പറിന്റെ തീവ്രപരിശീലന പരിപാടിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. ഓഫീസിൽ നേരിട്ടെത്തി രജിസ്ട്രേഷൻ നടത്താം. ഫോൺ- 0481 2731025.

**(പി.ആർ.ഒ/39/361/2024)**

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബിഎച്ച്എം(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2021 അഡ്മിഷൻ സപ്ലിമെൻററി - ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 21 മുതൽ പാലാ സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും.

**(പി.ആർ.ഒ/39/362/2024)**

**പബ്ലിക് റിലേഷൻസ് ഓഫീസർ**